ഹയർസെക്കന്ററി ഡയറക്ടറുടെ
കാര്യാലയം, ഹൗസിംങ് ബോർഡ്
ബിൽഡിങ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നം.എസിഡി എസ്.പി.സി(1)/113472/18/എച്ച്.എസ്.ഇ തീയതി. 29/05/2018

## സർക്കുലർ

വിഷയം - ഹ.സെ.വി.- ട്രഷറി ക്യൂവിലുള്ള ബില്ലുകൾ - സംബന്ധിച്ച്.
സൂചന - 07/05/2018 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.

അക്കാഡമിക് വിഭാഗത്തിൽ നിന്നും 2017-18 വർഷം അനുവദിച്ചതിൽ ട്രഷറി ക്യൂവിൽ ഉൾപ്പെട്ടിരുന്ന, ബി.പി.എൽ. സ്കോളർഷിപ്പ്, EAP, CE Monitoring, ഏകജാലകപ്രവേശനം (2015-16) തുടങ്ങിയവയുടെ അലോട്ട്മെന്റുകൾ റീവാലിഡേറ്റ് ചെയ്യുന്നതിനായി സൂചന സർക്കുലർ മുഖാന്തിരം സർക്കുലർ നൽകുകയുണ്ടായി.

പ്രസ്തുത സർക്കുലറിലെ നിഷ്ക്കർഷിച്ച പ്രകാരവും, ആവശ്യമായ അനുബന്ധരേഖകൾ സഹിതം യഥാസമയം സമർപ്പിച്ച മുഴുവൻ അപേക്ഷകളും റീവാലിഡേറ്റ് ചെയ്തിട്ടുണ്ട്. തപാൽ സമരം കാരണം ആയത് ലഭ്യമായിട്ടില്ലാത്തവർക്ക് ഇ-മെയിൽ വഴിയും നൽകിയിട്ടുള്ളതാണ്.

റീവാലിഡേറ്റ് ചെയ്ത ഉത്തരവ് മുഖാന്തിരം 31/05/2018 നകം തന്നെ ട്രഷറി ക്യൂവിലുള്ള മേൽ സൂചിപ്പിച്ച പദ്ധതികളുടെ തുകകൾ മാറിയെടുക്കാത്തപക്ഷം ആയത് ലാപ്സാകുന്നതാണെന്ന് ശ്രദ്ധയിൽപ്പെടുത്തുന്നു.

ഒപ്പ്
**ജോയിന്റ് ഡയറക്ടർ (അക്കാഡമിക്)**